(ബി) ഇതുസംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം അറിയിക്കാമോ ;

(സി) ഈ നിലയ്ക്കുമാറ്റം വരാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉല്പാദന മേഖലയിലെ പദ്ധതിച്ചെലവിൽ വന്നിട്ടുള്ള കുറവ് ഗ്രാമങ്ങളുടെ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിന് എത്രത്തോളം വിഘ്നം നിൽക്കുന്നുവെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ കൂടുതൽ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഓരോ ഭരണ സ്ഥാപനത്തിന്റെ ഭൂപ്രദേശത്തിന്റെയും അവിടത്തെ ജനങ്ങളുടെയും സമഗ്ര വികസനവും പുരോഗതിയും ലക്ഷ്യമാക്കി പദ്ധതി തയ്യാറാക്കുന്നതിനാണ് മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങൾ 2012-13, 2013-14 വർഷങ്ങളിൽ യഥാക്രമം മൊത്തം പദ്ധതി ചെലവിന്റെ 8.83, 8.28 ശതമാനം തുക ഉല്പാദന മേഖലയ്ക്ക് ചെലവഴിക്കുകയുണ്ടായി. 2014-15 വർഷം ഇത് 8.74 (provisional) ശതമാനമാണ്. എന്നാൽ വികസന ഫണ്ടിൽനിന്നും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനിക്കുന്ന വിഹിതം എത്രയാണോ അത്രയും തുക ഉല്പാദന മേഖലയിൽ വകയിരുത്തുന്നതിനും ചെലവഴിക്കുന്നതിനും യാതൊരു തടസ്സവുമില്ല.

തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് നടപടി

209 (4252) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുനായ്ക്കളെ കൊല്ലുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമ തടസ്സമില്ലെന്ന് ഏതെങ്കിലും കോടതി വിധികൾ ഉണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ പശ്ചാത്തലത്തിൽ ഇതിനായി എന്തെങ്കിലും പുതിയ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഹു. സുപ്രീം കോടതിയുടെ SLP 691/09 ഉത്തരവുപ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് നിരോധിച്ചിട്ടുണ്ട്. Animal Birth Control Rule (2001) Dogs പ്രകാരമുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്.

(ബി) തെരുവ് നായ്ക്കളെ കൊല്ലുന്നത് സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

(സി) ബാധകമല്ല.

ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

210 (4253) ശ്രീ. റ്റി. യു. കരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അഴിമതി രഹിതമായി അർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

ത്രിതല പഞ്ചായത്തുകളിലെ മുൻജനപ്രതിനിധികൾക്ക് പെൻഷൻ

211 (4254) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്തുകളിലെ മുൻജനപ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഭരണതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രതിമാസ പെൻഷൻ തുക എത്രയെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ ; നടപ്പ് സാമ്പത്തിക വർഷം പെൻഷൻ ലഭ്യമാക്കുമോ ; മുൻകാല പ്രാബല്യം പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly